**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **18-01-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ വിവിധ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ലാന്റ് റവന്യു കമ്മീഷണർ ഉത്തരവ് നൽകിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ ഒടുക്കു വരുത്തുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ നൽകിയ ഉത്തരവ് പല ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വെള്ളം, വൈദ്യുതി, ടെലിഫോൺ എന്നിവയുടെ കൺസ്യൂമർ നമ്പരുകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഏകീകൃത സംവിധാനത്തിലൂടെ ബില്ലുകൾ ഒടുക്കു വരുത്തുന്നതിന് ചില ജില്ലകളിൽ വീഴ്ച വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകൾക്ക് യഥാസമയം ഫണ്ട് നൽകാത്തതു കാരണം ഇപ്പോഴും ഉദ്യോഗസ്ഥർ സ്വന്തം കയ്യിൽ നിന്നും ഇത്തരം ആവശ്യങ്ങൾക്ക് തുക ചെലവഴിക്കേണ്ടിവരുന്നത് അഴിമതിക്ക് ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ ഒടുക്കു വരുത്തുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ നൽകിയ ഉത്തരവ് കർശനമായി പാലിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ